HLM-0067

The Heavenly Light Ministry

കർത്താവിൻ വരവിൽ നമ്മെ എടുത്തിടുമ്പോൾ
കഷ്ടനഷ്ട ശോധനകൾ മാറിപ്പോയിടും
കർത്താവിന്റെ കരമന്നു തുടച്ചിടുമ്പോൾ
കണ്ണുനീരും വേദനയും തീർന്നുപോയിടും

ആമേൻ കർത്താവേ.... വേഗം വരണേ
ആമേൻ കർത്താവേ.... നിൻ രാജ്യം വരണേ

1. കൂടാരമാകും... ഭൗമഭവന
കൂടുവിട്ടുപറന്നുപോകും
കൈപ്പണിയല്ലാത്ത നിത്യഭവനം
കർത്താവൊരുക്കുന്നു നമുക്കായ്
ആമേൻ കർത്താ

2. കുഞ്ഞാട്ടിൻ കല്യാണം അടുത്തുവല്ലോ
കാത്തിരിക്കുന്ന വിശുദ്ധരേ...
കർത്താവിൻ ഗംഭീര നാദം കേൾക്കുമ്പോൾ
കർത്തനോട് കൂടെ പോകും നാം
ആമേൻ കർത്താ

3. കാലം കഴിയും ഈ ലോകമഴിയും
കാണ്മതെല്ലാം മാറിപ്പോയിടും
കർത്താവിൻ യുഗം വെളിപ്പെടുമ്പോൾ
കാണും തിരുമുഖം നിത്യമായ്
ആമേൻ കർത്താ